# കലാമത്സരങ്ങൾ സംഘടിപ്പിച്ചു




സർദാർ വല്ലഭായ് പട്ടേൽ ജന്മദിനാഘോഷങ്ങളോടനുബന്ധിച്ച് "സർദ്ദാർ വല്ലഭായി പട്ടേലും ദേശീയോദ്ഗ്രഥനവും" എന്ന വിഷയത്തെ ആസ്പദമാക്കി എറണാകുളം റൂറൽ ജില്ലാ പോലീസ് കലാമത്സരങ്ങൾ സംഘടിപ്പിച്ചു.

ഇന്ന് (29.10.2019) ആലുവയിലുള്ള റൂറൽ ജില്ലാ പോലീസ് ആസ്ഥാനത്തെ കോൺഫറൻസ് ഹാളിൽ വച്ച് മത്സരങ്ങൾ ജില്ലാ പോലീസ് മേധാവി കെ.കാർത്തിക് IPS ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ജില്ലാ ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി കെ.എം.ജിജിമോൻ, സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി ആർ.റാഫി എന്നിവരും സംബന്ധിച്ചു. ഉപന്യാസ മത്സരം, പെൻസിൽ ഡ്രോയിംഗ്, പെയിന്റിംഗ് എന്നീ മത്സരങ്ങൾ രാവിലെ 9.30ന് ആരംഭിച്ചു. ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികളും, എസ്.പി.സി കേഡറ്റുകളും അടക്കം നൂറോളം വിദ്യാർത്ഥികൾ മത്സരങ്ങളിൽ പങ്കെടുത്തു.